## Weekly Devotion - March 2017

# Should You help the wicked?

## (ദുഷ്ടന് സഹായം ചെയ്യുന്നത് വിഹിതമോ?)

(2 ദിന:19:2)



ദുഷ്ടന്മാരുടെ നിരൂപണങ്ങൾ ചതിവും അവരുടെ ഉള്ളം ക്രൂരവുമാണ്. യഹോവ അവരെ വെറുക്കുന്നതിനാൽ നാം അവരോട് സ്നേഹം കാട്ടുകയോ, അവരെ സഹായിക്കുകയോ ചെയ്താൽ യഹോവ നമ്മെയും വെറുക്കും എന്ന് മനസിലാക്കുക (2 ദിന:19:2).

ഒരിക്കൽ പണം പലിശയ്ക്ക് കൊടുക്കുന്ന ഒരു ധനാഢ്യനുണ്ടായിരുന്നു. നിയമപ്രകാരമല്ലാത്ത പണമിടപാട് ചെയ്യുന്ന അദ്ദേഹത്തിന്റെ പദ്ധതികൾക്കു മറയായി രാഷ്ട്രീയത്തിലും അദ്ദേഹം അഭയം തേടിയിരുന്നു. സത്യക്രിസ്ത്യാനി എന്ന മേൽക്കുപ്പായം അദ്ദേഹത്തിനുള്ളതിനാൽ നാട്ടുക്കാരും പൊതുപ്രവർത്തനത്തുലദ്ദേഹത്തെ സഹായിച്ചു. സ്വർണ്ണം മടക്കി നൽകുമ്പോൾ കൃത്യത പാലിച്ച മനുഷ്യൻ അതോടൊപ്പം ഒപ്പിട്ടുവാങ്ങിയ മുദ്രപ്പത്രം മടക്കി നൽകിയുരുന്നില്ല. നാളുകൾക്കുശേഷം ഇടപാട് തീർത്തു എന്ന വിചാരത്തോടെ സ്വർണ്ണം ഏറ്റുവാങ്ങുന്നവർ ആ കാര്യം മറന്നുപോയി. അത് ദൈവം മറന്നില്ല. ഈ ചതികുറിച്ചുവച്ച ദൈവം പ്രവർത്തിചെയ്തവരേയും കൂട്ടുനിന്നവരെയും വെറുതെ വിട്ടില്ല. അതേ! അതാണ് നീതിമാനായ ദൈവം.

യഹോശാഫാത്ത് ദൈവത്തിന്റെ കല്പനകളെ അനുസരിച്ചു ജീവിച്ച വ്യക്തിയാണ് . യഹോവകൂടെയുള്ളതിനാൽ അദ്ദേഹത്തിന് രാജത്വം ഉറപ്പിച്ചു കിട്ടി. മാത്രമല്ല യഹൂദരും ഫെലിസ്ത്യരും കാഴ്ച്ചകൾ നൽകിയപ്പോൾ ധനവും മാനവും അദ്ദേഹത്തിന് ലഭിച്ചു (2 ദിന:17: 2-4), (2 ദിന17:11). ദൈവം കൂടെയുള്ളവന് അനുഗ്രഹം അവൻ ചിന്തിക്കാത്ത വഴിയിൽ ലഭ്യമാകുന്നു. സ്വസ്ഥത

അനുഭവിച്ചവനെ സാത്താൻ വഴിതെറ്റിച്ച് ആഹാബിന്റെ അടുക്കലെത്തിച്ചു. ആ ദുഷ്ടനോടുള്ള കൂട്ടുകെട്ട് ക്രമാതീതമായി വർദ്ധിച്ചു. ആഹാബ് യഹോവയെ കോപിപ്പിക്കത്തക്കവണ്ണം. തനിക്കു മുമ്പുണ്ടായ എല്ലായിസ്രായേൽ രാജാക്കന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചവനായിരുന്നു. (1 രാജ: 16:33). യഹോവകൂടെയുള്ളവനെ ആഹാബ് ഒരുക്കിയത് ആടുമാടുകളെയും കാളകളേയും അറുത്ത് സല്ക്കരിച്ചാണ്. ഇന്ന് യുവജനങ്ങൾ ദുഷ്ട കൂട്ടുകെട്ടിൽ വീഴുന്നതിന്റെ പ്രധാന കാരണം വിവിധതരത്തിലുള്ള സല്ക്കാരങ്ങളാണ്. നല്ല കാര്യങ്ങൾ കേൾക്കുവാൻ യുവജനങ്ങളോ, കേൾപ്പിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവരോ തയാറാകുന്നില്ല. ഒരിക്കൽ ലഹരിയുടെ പിടിയിലമർന്നവനെ ദുഷ്ടൻ വിടാതെ പിൻതുടരും. ആഹാബ് സൗഹാർദ്ദം ഉറപ്പിച്ച് യുദ്ധത്തിന് വരുവാൻ പ്രേരിപ്പിക്കുകയാണ് ചെയ്തത്, യഹോവയുടെ ആലോചന പറഞ്ഞ പ്രവാചകനെ ഉപേക്ഷിച്ച് ഭോഷ്ക്കിന്റെ ആത്മാവുള്ള '400' പ്രവാചകന്മാരുടെ വാക്ക് സ്വീകരിച്ച ആഹാബും യെഹോശാഫാത്തും യുദ്ധത്തിന് പുറപ്പെട്ടു, ഇന്നും ഭോഷ്ക്കിന്റെ ആത്മാവിൽ നടക്കുന്ന പ്രവാചകന്മാരുണ്ട്. നാം ഉണർവ്വോടെ ഇരിക്കേണ്ട സമയമാണിത്.

വേഷം മാറി യുദ്ധത്തിന് പുറപ്പെട്ട ആഹാബ് പട്ടുപോയി എന്നാൽ രാജകീയ വസ്ത്രം ധരിച്ച യഹോശാഫാത്ത് രക്ഷപെട്ട് കൊട്ടാരത്തിൽ മടങ്ങി എത്തി (2 ദിന 18). മടങ്ങിവന്ന യെഹൂദരാജവായ യെഹോശാഫാത്തിന്റെ തെറ്റ് മനസ്സിലാക്കി നല്ലപാഠം പഠിപ്പിക്കാൻ യേഹൂ ദർശകനെ യഹോവ അയച്ചു.

2 ദിന (19: 2-3) വരെയുള്ള വാക്യങ്ങളിൽ ദുഷ്ടന് സഹായം ചെയ്തതിന് യഹോവ നിന്നോട് കോപം കണക്കിട്ടു എന്നും എന്നാൽ ദൈവത്തെ അന്വേഷിപ്പാൻ നീ മനസ്സുകാട്ടിയതിനാൽ യഹോവ ആ തെറ്റ് ക്ഷമിക്കും എന്നും മനസ്സിലാക്കി. യഹോവയുടെ കോപം ഭയങ്കരമാകയാൽ കുഞ്ഞുങ്ങൾ ഈ വിധത്തിലുള്ള തെറ്റുകൾ ഒഴിവാക്കി ജീവിക്കുവാൻ ശ്രമിക്കുക.

വചനത്തിൽ നിന്ന് മറ്റുചില മുന്നറിയിപ്പുകൾ നമുക്ക് കണ്ടെത്താം.

1. കോപം, ക്രോധം ഇവ ദുഷ്ടന്റെ സ്വഭാവമാകയാൽ ഇപ്രകാരമുള്ളവരിൽ നിന്ന് അകന്ന് നടക്കുക.
2. ദുഷ്ടന്മാരുടെ ഹൃദയം സാഹസം ചിന്തിക്കുന്നതാകയാൽ അവരോടൊപ്പം ഇരിക്കരുത്.
3. ഇവർ അത്യാഗ്രഹികൾ, വിഗ്രഹാരാധികൾ, മദ്യപാനികൾ, ദുർന്നടപ്പുകാർ എന്നീ സ്വാഭാവമുള്ളവരാകയാൽ യാതൊരു വിധ സംസർഗ്ഗവും പാടില്ല.
4. ദുഷ്ടന്മാരോട് ഇണയില്ലാപ്പിണകൂടരുത്.

**<u>ഈ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ വരുന്ന അനർത്ഥങ്ങൾ</u>**

1. വിശ്വാസത്യാഗം - (1 രാജ : 11:2)
2. ദിവ്യകോപം - ( 2 ദിന : 19:2)

3. മാതാപിതാക്കൾക്കപമാനം - (സദൃ : 28:7) (സദൃ : 15:5,20)

4. ക്രിസ്തുവിനെ തള്ളിപ്പറയുന്നു - യോഹ: (18: 18,25)

5. സദാചാരം കെട്ടുപോകുന്നു - 1 കൊരി 15:33

പാപത്തിൽ നിന്ന് നമ്മെ രക്ഷിപ്പാൻ തന്റെ രക്തം വിലയായി നൽകിയ രക്ഷകന്റെ മുഖത്തേക്കു നോക്കി അനുഗ്രഹം പ്രാപിപ്പാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

നീതിയുടെ പാതയിൽ ജീവനുണ്ട് എന്ന് ഞങ്ങളെ പഠിപ്പിച്ച ദൈവമേ, ദുഷ്ടന്മാരുടെയും ദുർമ്മാർഗ്ഗികളുടെയും ചതിയിൽ വീഴാതെ മുൻ പോട്ടുപോകുവാൻ ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി. അങ്ങയുടെ അളവില്ലാസ്നേഹത്തിന് ഹൃദയം നിറഞ്ഞ നന്ദി അപ്പാ, ഞങ്ങളെ അനുഗ്രഹിക്കേണമേ, ആമേൻ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind